"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - ഇന്ത്യ റിസർവ് ബറ്റാലിയൻ പാണ്ടിക്കാട് ക്യാമ്പിലെ ഗ്രൗണ്ടിൽ പവലിയൻ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4421/2025/HOME തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 21.04.2025, 16.08.2025 തീയതികളിലെ എച്ച്15-40549/2025/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ.

**ഉത്തരവ്**

ഇന്ത്യ റിസർവ് ബറ്റാലിയൻ പാണ്ടിക്കാട് ക്യാമ്പിലെ ഗ്രൗണ്ടിൽ കളിക്കാർക്ക് അവരുടെ ബാഗുകളും മറ്റും വയ്ക്കുന്നതിനു വേണ്ടി സ്ഥലം ഇല്ലാത്തതിനാൽ ഗ്രൗണ്ടിന്റെ ട്രാക്കിന് പുറത്തുള്ള ഒഴിഞ്ഞ സ്ഥലത്ത് റൂഫിംഗ് ഷീറ്റ് കൊണ്ട് 30 അടി നീളത്തിലും 12 അടി വീതിയിലും ഒരു സ്റ്റീൽ ഫാബ്രിക്കേറ്റഡ് പവലിയൻ സ്വന്തം ചെലവിൽ നിർമ്മിക്കുന്നതിന് മലപ്പുറം ജില്ലയിലെ തുവ്വൂർ സെഞ്ചുറി യൂണിവേഴ്സൽ ക്രിക്കറ്റ് ക്ലബ് സന്നദ്ധത അറിയിച്ചിട്ടുണ്ടെന്നും, പ്രസ്തുത പ്രവൃത്തിക്കുള്ള അനുമതി നൽകണമെന്നും പരാമർശിത കത്തു പ്രകാരം സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ, എ.ഡി.ജി.പി ബറ്റാലിയൻ, മലപ്പുറം ജില്ലാ പോലീസ് മേധാവി, ബറ്റാലിയൻ കമാണ്ടന്റ് എന്നിവർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച ശേഷം അംഗീകരിക്കുന്ന പ്ലാനും പ്രവർത്തിയുമായിരിക്കണമെന്നും, നിർമ്മാണം തൃപ്തികരമായി പൂർത്തിയാക്കി എന്നത് സംസ്ഥാന പോലീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ് എന്നുമുള്ള നിബന്ധനകൾക്ക് വിധേയമായി, ഇന്ത്യ റിസർവ് ബറ്റാലിയൻ പാണ്ടിക്കാട് ക്യാമ്പിലെ ഗ്രൗണ്ടിന്റെ ട്രാക്കിന് പുറത്തുള്ള ഒഴിഞ്ഞ സ്ഥലത്ത് റൂഫിംഗ് ഷീറ്റ് കൊണ്ട് 30 അടി നീളത്തിലും 12 അടി വീതിയിലും ഒരു സ്റ്റീൽ ഫാബ്രിക്കേറ്റഡ് പവലിയൻ നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRASEETHA K C
ജോയിന്റ് സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ഐ&പി.ആർ.ഡി. (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Divya R S

Date: 22-12-2025 11:40:22

സെക്ഷൻ ഓഫീസർ